**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .8082 17-07-2014-ലെ മറുപടിയ്ക്ക്

<u>പകർച്ചപ്പനിക്കുള്ള മരുന്നുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ.കെ.കെ. നാരായണൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ഡോ. കെ. ടി. ജലീൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) പകർച്ചപ്പനി ബാധിച്ച സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട 20 ടൈപ്പ് മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ & ബി& സി) പകർച്ചപ്പനി ബാധിച്ച സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടില്ല. രോഗിയുടെ അവസ്ഥ അനുസരിച്ച് ഏത് മരുന്നാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത് ചികിത്സിക്കുന്ന ഡോക്ടർ ആണ്. പകർച്ചപ്പനി തടയുന്നതിന് എല്ലാ ആശുപത്രികളിലും നിർബന്ധമായും സൂക്ഷിക്കേണ്ട മരുന്നുകളുടെലിസ്റ്റ് മാത്രമാണ് വകുപ്പ് നൽകിയിട്ടുള്ളത്. |
| (ബി) ഇതു പാവപ്പെട്ട രോഗികളെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | |
| (സി) രോഗികളുടെ ജീവൻ അപകടത്തിലാക്കുന്ന പ്രവൃത്തിയിൽ നിന്നു സർക്കാർ പിന്തിരിയുമോ ? | |

**സെക്ഷൻ ഓഫീസർ**